# ആരതി
# (ഗദ്യകവിതകൾ)
# ഡോ.വി.എസ്.ശർമ്മ

## 1.സ്വീകരിച്ചാലും

നിത്യവും വിഭാതവേളയിൽ
ജീവിത വാതായനത്തിൽ
എന്നെ ഉണർത്തുവാനായി എത്തുന്നു;
നിത്യവും സായം സന്ധ്യയ്ക്ക്
രാഗിലകിരണങ്ങൾ പതിപ്പിച്ച്
എന്നോട് വിടപറഞ്ഞു പോകുന്നു.
എന്റെ ദിന വ്യാകുലതകൾ
അവസാനിക്കും മുൻപ്,
എന്റെ നിശാസ്വപ്നങ്ങൾ
വിടരുന്നതിനും മുൻപ്,
ആലോചിച്ചു പോകുന്നു
എന്തിനേ ഇത്രയും ദിനരാത്രങ്ങൾ !
എന്തിനേ ഇത്രയും സുഖദുഃഖങ്ങൾ !
നാളെയും പുലരും,
നാളെയും അന്തിയാവും.
നാളേകൾക്കിടയിൽ
ഞാൻ മാത്രം ഏകാകിയായി,

ആരേയും പ്രതീക്ഷിക്കാനില്ലാതെ,
ഒന്നിനേയും മോഹിക്കാതെ,
ഇങ്ങനെ അനവസാനമായി കാത്തിരിക്കുന്നു!
വയ്യ! തകർന്നു!
ഭഗവൻ !
ഒരേ ഒരപേക്ഷ
ഒരേ ഒരു യാചന.
എന്റെ വേദനകൾ
അവിടന്ന് സ്വീകരിച്ചാലും!

## 2.ഇതാ ഞാൻ

എല്ലാ ഇരുട്ടും നീങ്ങി
മനസ്സിന്റെ വിശാല വിഹായസ്സ്
പ്രഭാപൂർണ്ണമാകുന്ന വേളയിൽ
മനസ്സെന്ന അഗാധ സാഗരമാകെയും
ജീവനലാവണ്യം ആത്മതേജസ്സായി
പരിണമിച്ചു പരക്കുന്ന വേളയിൽ
ഭൂജീവിതത്തിലെ നാകനരകങ്ങൾ
സമന്വിതമാകുന്ന വേളയിൽ
പ്രഭോ!
അങ്ങയുടെ അംഗുലീചലനം,
എന്റെ അവിരാമ ബാഷ്പധാരയെ
തുടച്ചു നീക്കിയേക്കാം;
അപ്പോൾ,
അണുവിലുമണു മാത്രമായ ഞാൻ

നീരന്ധ്ര വിഷാദത്തിന്റെ
വല്മീകത്തിൽ നിന്നും
പുറത്തു വന്നേക്കാം;
അവിടുത്തെ അനുഗ്രഹം വാങ്ങാൻ.
ദേവ വരൂ
നാഥ വരൂ
അണ്ഡകടാഹത്തേയും സാക്ഷിയാക്കി
സമർപ്പണം ചെയ്യുന്നു.
ഇതാ ഞാൻ, ഇതാ ഞാൻ !

## 3.യാചിക്കുന്നു ഞാൻ

ഭഗവൻ!
അങ്ങ് കാണുന്നുണ്ടോ
എന്റെ കണ്ണിലെ വററാത്ത ഉറവുകൾ
അങ്ങ് അറിയുന്നുണ്ടോ
എന്റെ ഹൃദയത്തിലെ
അനവസാന സ്പന്ദങ്ങൾ?
അങ്ങ് കേൾക്കുന്നുണ്ടോ
എന്റെ മൗന ഗദ്ഗദങ്ങൾ?
ഇല്ല!
ഭഗവൻ!
അങ്ങ് ഒന്നും അറിയുന്നില്ല!
എല്ലാം വനരോദനമാവുന്നു.
ഇനിയൊരു ശുഭവേളയിൽ
അങ്ങയുടെ ചിരപ്രതീക്ഷിത ദൂതൻ

വരണമാല്യവുമായി
എന്റെയരികിൽ വരും.
അപ്പോൾ -
ഞാനെന്തു ചെയ്യും
അതു സ്വീകരിക്കാതെ,
ആ ദൂതനോടൊപ്പം പോകാതെ
ഇല്ല, പോരണം
ഏതായാലും ,
എപ്പോഴെങ്കിലും
പോരണം ,
എന്നാൽ ആവട്ടെ,
ദൂതനെ വേഗം അയയ്ക്കുക.
എനിക്കുള്ള വിശിഷ്ട സമ്മാനവുമായി,
അന്ത്യോപഹാരവുമായി
ദൂതൻ വേഗം വരട്ടെ.
വേഴാമ്പലിനെപ്പോലെ
പ്രതീക്ഷ മാത്രമായിട്ടിരിക്കുന്ന
എന്റെ അരികിലേക്ക്,
ഭഗവൻ!
അങ്ങ് ദൂതനെ വേഗം അയയ്ക്കൂ.
ഞാൻ സ്വീകരിക്കാം,
സ്വാഗതത്തിനായി കാത്തിരിക്കാം
എനിക്കിനി കണ്ണീരില്ല,
നൈവേദ്യമില്ല,

സംകീർത്തനമില്ല
എനിക്കിനി ഞാൻ പോലുമില്ല.
ഞാൻ എല്ലാം സമർപ്പിച്ചു കഴിഞ്ഞു
ആ പവിത്രപാദത്തിൽ ,
ആ ഹൃദയസോപാനത്തിൽ,
ആ ആത്മശൃംഗത്തിൽ.
ഭഗവൻ,
വേഗമാവട്ടെ

## 4.പ്രേമമയി

വിശ്വരംഗത്തിൽ
നൃത്തം വയ്ക്കുന്നവൾ,
അനാദ്യന്തമായ
പ്രണവ സംഗീതമുതിർക്കുന്നവൾ,
ഋതുസം(ക്രമങ്ങളിൽ,
ജീവരാശികളിൽ ,
ദിവ്യാപൃഥിവികളിൽ
സർവത്ര വ്യാപിച്ച തേജോരൂപം!
ഊട്ടുന്നവൾ,
ഉറക്കുന്നവൾ,
ഉണർത്തുന്നവൾ,
സുഖവും ദുഃഖവും തരുന്നവൾ
സർവപ്രേമമയി
പക്ഷേ, അവൾ എവിടെ?
എന്റെ പ്രേമമയിയെ ആരാനും കണ്ടുവോ?

അവളുടെ ശബ്ദം കേട്ടുവോ?
രമ്യരൂപം ,
സൗമ്യനാദം,
ഒരു കാലടി ശബ്ദം,
ഒരു അനുഗ്രഹ സ്പർശം?
എല്ലാം മായികം
എല്ലാം വിഭ്രമലോലം
എങ്കിലുമവളെന്റെ പ്രേമമയി
എന്റെ പ്രാണനാഥ!
ദേവി,ദയാമയി
ഞാനോ,തവഭാസദാസൻ

## 5. നിർവചനം

വിശ്വവിധാത്രിയുടെ
ബാഷ്പോദകം ഘനീഭൂതമായതാണല്ലോ
ഈ ഞാൻ!
സാന്ധ്യശോഭകൾ
ഋതുപരിവർത്തനത്തിൽ ആർദ്രമായതാണല്ലോ
എന്റെ ധമനികളിലെ ശോണരക്തം!
യുഗാന്തരങ്ങളിലെ
അർച്ചനാമലരുകളുടെ നിർമാല്യമാണല്ലോ
എന്റെ ഈ ഹൃദയം!
അജ്ഞാതമായ ഏതോ ഒരു നിർവൃതിയുടെ
സ്വപ്ന ശകലമാണല്ലോ

എന്റെ ഈ രൂപം!
നാക നരകങ്ങളുടെ
ശ്യംഖലയാണല്ലോ
എന്റെ ഈ വിഷാദജീവിതം!
കേവലമൊരണു,
വെറുമൊരു ബിന്ദു,
ഒരു സ്പന്ദം മാത്രം!

## **6.ആയിരുന്നു**

മോഹിക്കുമായിരുന്നു.

മരണമുഹൂർത്തത്തിൽ

ചിന്തിക്കാൻ കഴിയുമെങ്കിൽ

പുനർജന്മത്തിലെ

ആർജനീയതകളെപ്പറ്റി
തീരുമാനിക്കാമായിരുന്നു.
ഇന്നലേകളിൽ
ജീവിതം ധന്യമായിരുന്നെങ്കിൽ
നഷ്ടം നേട്ടമാവില്ലായിരുന്നു
നാളെയെപ്പറ്റി അറിയാമായിരുന്നെങ്കിൽ
ഇന്നിനി ഒരർത്ഥമുണ്ടാക്കാമായിരുന്നു
ഇന്നലേകൾ,
ഇന്ന്,
നാളേകൾ,
എല്ലാം അവിശ്വസനീയമായ
ഒരു ജീവനലീല മാത്രം!

ആരാകേണ്ടിയിരുന്നു?

ആരാകുമായിരുന്നു?
ആരാകാമായിരുന്നു?
ഒന്നും അറിയില്ല.
എല്ലാം എന്റെ നഷ്ടം!

## 7.യാത്ര

എന്തിനെന്നറിയാതെ
എവിടേക്കെന്നറിയാതെ
ബാഷ്പസാഗരത്തിന്റെ
തരംഗസ്പർഷമേറ്റ് ഞാൻ നീന്തി.
അംബരവിതാനത്തിൽ
മന്ദസമീരനാൽ നീതനായി ഞാൻ നീങ്ങി.
ഏകാകിയായി,
ആരോരും തുണയില്ലാതെ,
എന്റെ,എന്റെ മാത്രം ഏകാന്തപഥത്തിലൂടെ
നിർഭയനായി
നിർലക്ഷ്യനായി
ഉപാസനാഭാവത്തിൽ
ആർദ്രഹൃദയത്തോടെ
വേപഥുവാണ്ട ശരീരത്തോടെ
അകലങ്ങളിലേക്ക് ഞാൻ പോയി
ദ്യാവാപൃഥിവികളുടെ
സംഗമസ്ഥാനം തേടി
ഞാൻ അലഞ്ഞു
ഒരു ചിരസ്വപ്നം

ഒരു ചിരദുഃഖം
ഒരു വിഫലമോഹം
ഒരു അനന്തപ്രവാഹം
ഒരു വ്യഥാപ്രയത്നം
ഒരു പരാജയം
എങ്കിലും,
ഈ യാത്ര അവസാനത്തേതായെങ്കിൽ!

## 8.മോഹഭംഗം

സ്വപ്നത്തിൽ കണ്ട
ബിന്ദുക്കളെല്ലാം ചേർന്ന്
ഒരു വർണമുണ്ടായി.
ആ വർണത്തിൽ ഞാനലിഞ്ഞ്
ഇല്ലാതെയായി
സ്വപ്നത്തിൽ കേട്ട
നാദകണങ്ങളെല്ലാം ചേർന്ന്
ഒരു സംഗീതമുണ്ടായി
ആ സംഗീത ലഹരിയിൽ
ഞാൻ നഷ്ടപ്പെട്ടുപോയി
സ്വപ്നത്തിൽ,
സുഷുപ്തിയിൽ,
ജാഗരത്തിൽ,
ഞാൻ കണ്ടത്,

ഞാൻ കേട്ടത്-

ആ വർണം,

ആ രൂപം,

ആ നാദം

ഞാനായിത്തീർന്നുവോ?

ഒരിക്കൽ കൂടി

ഒരിക്കൽ കൂടി മാത്രം

ഞാൻ രാഗശോണിമയായി

ഞാൻ സ്നേഹനീലിമയായി

തമസ്സായി

രജസ്സായി

സത്വമായി

സത്ത മാത്രമായി

ഒരു ഹംസഗാനമായി

എന്നാണാവോ

വിലയം പ്രാപിക്കുക!

## <u>9.എപ്പോൾ</u>

മനസ്സിന്റെ പ്രക്ഷുബ്ധ നിമിഷങ്ങളിൽ

അങ്ങ് വരാറുണ്ട്.

അപ്പോൾ യാചിക്കും-

ഇവിടം ശാന്തമാക്കിത്തന്നാലും!
മനസ്സിന്റെ ഏകാന്ത വിമൂകതകളിൽ
അങ്ങ് വരാറുണ്ട്
അപ്പോൾ അപേക്ഷിക്കും-
ഈ ഏകാന്തശാന്തി ധന്യമാക്കിയാലും!
മനസ്സിന്റെ ശോകോദ്വിഗ്നതകളിൽ
അങ്ങ് വരാറുണ്ട്
അപ്പോൾ അഭ്യർത്ഥിക്കും-
ഈ ശോകം അങ്ങയ്ക്കായുള്ളതാക്കിയാലും!
മനസ്സിന്റെ ഉല്ലാസ മുഹൂർത്തങ്ങളിൽ
അങ്ങ് വരാറുണ്ട്
അപ്പോൾ ആശംസിക്കും-
ഈ ഉത്സവം അങ്ങയ്ക്കുവേണ്ടിയാവട്ടെ.
ഇപ്പോൾ അങ്ങു വന്നിരിക്കുന്നു.
പക്ഷേ,മനസ്സ് നിശൂന്യം,
അതു,മരിച്ചോ,മരവിച്ചോ?
അതും അങ്ങയുടെ വിലാസം!
ദയാമയ!
മനസ്സിൽ ഉണർവിന്റെ ഒരു കൈത്തിരി
കൊളുത്തി വഴി തെളിച്ചാലും!
ദേവ!
അതെപ്പോഴാണ്?

എപ്പോഴാണ്
അങ്ങയുടെ മധുരഗാനങ്ങൾ
എന്റെ സുപ്ത നാഡികളെ ഉണർത്തുക!
എപ്പോഴാണ്
എന്റെ അതിക്ഷുദ്രമായ
ഹൃദയകോരകം
അങ്ങയ്ക്കുള്ള അർച്ചനാമലരാവുക!
എപ്പോഴാണ്
ഏതു ദിവ്യ മുഹൂർത്തത്തിലാണ്
ഞാൻ
അങ്ങയുടേതുമാത്രമാവുക!

## 10.ആമന്ത്രണം

ഞാൻ ഇല്ലാതാവുന്ന നിമിഷങ്ങളിൽ
അങ്ങയ്ക്കുവേണ്ടി
വാക്കുകൾ കൊരുത്ത്
മാലകൾ ഒരുക്കുമായിരുന്നു.
ഞാൻ ഇല്ലാതാവുന്ന നിമിഷങ്ങളിൽ
അങ്ങയ്ക്കുവേണ്ടി
മന്ദസ്വരത്തിൽ
പാടുമായിരുന്നു.
ഞാൻ ഇല്ലാതാവുന്ന നിമിഷങ്ങളിൽ
അങ്ങയ്ക്കുവേണ്ടി

എന്റെ കരചരണങ്ങൾ
നൃത്തത്തിൽ മുഴുകുമായിരുന്നു.
എല്ലായ്പോഴും
അങ്ങയ്ക്കുവേണ്ടിയുള്ള കാത്തിരുപ്പിൽ
ഞാൻ സ്വയം മരിക്കുമായിരുന്നു
അലിഞ്ഞലിഞ്ഞ്
ഇല്ലാതെയാവുമായിരുന്നു.
എന്നിട്ടും
അങ്ങ് എന്നോടു കനിഞ്ഞില്ല;
അഥവാ,കനിഞ്ഞുവോ?
അതുകൊണ്ടാവാം
ഈ പ്രവൃത്തികളിലെല്ലാം
ആവർത്തനവിരസതയില്ലാതെ
ഞാൻ വീണ്ടും വീണ്ടും മുഴുകുന്നത്.
ഋതുസംക്രമങ്ങൾ,
ദിനരാത്രങ്ങൾ,
എല്ലാം എത്ര കഴിഞ്ഞു!
ഇനിയും എത്ര ആവർത്തനങ്ങൾ!
എത്രയോ ഭ്രമണപഥങ്ങൾ!
എല്ലാം അങ്ങ് അറിയുന്നുവെന്ന്
എനിക്കറിയാം.
പക്ഷേ,
ഞാൻ-ഞാൻ മാത്രം
ഒറ്റയ്ക്ക്-ഞാൻ മാത്രമായി

ഈ ഏകാന്തതീരത്തിരുന്ന്
എല്ലാ ഒഴുക്കുകളേയും
നിരുന്മേഷമായി വീക്ഷിക്കുന്നു,
പ്രക്ഷുബ്ധമായ മനസ്സിനെ
ബാഷ്പാർദ്രമായ നയനയവനികയാൽ
മറച്ച്-എന്നും ഗുപ്തമാക്കി
രഹസ്യമായി,ശാന്തമായി,
സ്വച്ഛമായി സംരക്ഷിക്കുന്നു
എല്ലാം
അങ്ങയ്ക്കു വേണ്ടി-
അങ്ങയ്ക്കു വേണ്ടി മാത്രം,
ഞാൻ തളരാത്തതിലാവാം
അങ്ങയുടെ ഉത്കണ്ഠ,
ഞാൻ വേദനിക്കാത്തതിലാവാം
അങ്ങയുടെ അസഹിഷ്ണുത
ഞാൻ ജീവിച്ചുതന്നെ
കഴിയുന്നതിലാവാം സമാധാനം.
എന്നാലും എനിക്കു സന്തോഷമാണ്
എങ്കിലും ഒന്നു പറഞ്ഞോട്ടെ
ആജന്മവേദനകൾ,
നിർലക്ഷ്യ യാത്രകൾ,
നിരുപാധിക പ്രവൃത്തികൾ,
അവസാനിക്കുന്ന രാപകലുകൾ

എല്ലാററിനോടും വിട പറയാൻ വൈകി.
എന്നേക്കുമായി എല്ലാം സമാപിപ്പിക്കുവാൻ
സമയമായി.
എന്നെങ്കിലും എല്ലാം
അവസാനമായി അവസാനിക്കേണ്ടേ?
ഈ അഭ്യർത്ഥന മാത്രമാണ്
അങ്ങയ്ക്ക് എന്നോടുള്ള
കാരുണ്യത്തിൻറെ തെളിവ്-
നമ്മുടെ പരസ്പരാനുരാഗം.
ഞാൻ അവിടുന്നല്ലേ,
അവിടുന്ന് ഞാൻ തന്നെയല്ലേ
ഇതാ അങ്ങയുടെ ഞാൻ

## 11.അപേക്ഷ

ഉണർവിന്റെ കരങ്ങൾ തഴുകി
മുഗ്ദ്ധ സ്വപ്നങ്ങളിൽ നിന്നും
അങ്ങ് എന്നെ ഉണർത്തുന്നു,
ബോധാബോധങ്ങളിൽ
നിദ്രാജാഡ്യങ്ങളിൽ
ഒരു ചൈതന്യ രശ്മിയായി വന്ന്
മെല്ലെ ഉണർത്തുന്നു-ഈ
തമോലോകത്തിൽ-ഈ
നിശാസുഷുപ്തിയിൽ.
എന്നിട്ട്, അങ്ങ് എവിടേയ്ക്കോ പോകുന്നു.
അങ്ങിനിയും വരും, പോകും.

ഞാൻ നിർന്നിമേഷനായി
സോത്കണ്ഠം കാത്തിരിക്കുന്നത്
അങ്ങയുടെ ഇന്ദ്രാജാലം കാണാനോ ?
ഭഗവൻ !
ഞാനൊന്നു ചോദിച്ചോട്ടേ,
മടങ്ങി വരാതിരിക്കാൻ
ഞാനും കൂടി അങ്ങയോടൊപ്പം പോന്നോട്ടേ !
അങ്ങയോടൊപ്പം പോരട്ടെ
അവസാനമായി,
എന്നേക്കുമായി.

## 12.കാത്തിരുപ്പ്

വല്ലകിയിൽ നിന്നും വിരലുകൾ നീക്കി
വീണ മെല്ലെ താഴെ വച്ചു.
വാതായനത്തോളം ചെന്നു.
പ്രതീക്ഷയുടെ വെളിയാടകൾ മാററി
താമരയിതൾക്കണ്ണുകൾ നീട്ടി-
ഇല്ലേ?
വന്നില്ലേ?
വരില്ലേ?
കദനശോണമായ ചക്രവാളങ്ങൾ,
വിദൂരമൂകതകൾ,
അഗാധവേദനകൾ.
അങ്ങു വരില്ലേ?
അങ്ങു വന്നു പോയോ?

ശൂന്യമായ ഈ ഹൃദയക്ഷേത്രത്തിലെ
വിഗ്രഹമെവിടെ?
എന്റെ വരാഭയ ദാതാവ് എവിടെ?
വിഭ്രമലോലമായ മനസ്സിൽ
തളം കെട്ടിയ കനത്ത നിമിഷങ്ങൾ
ഇനി ആർക്കു വേണ്ടി ?

## 13.നാഥന്റെ മുന്നിൽ

ശാന്തി കുടീരത്തിൽ
ഉണർന്നെണീററപ്പോൾ
ഹൃദയം നിർഭരമായിരുന്നു.
കണ്ണുകൾ അർദ്ധനിമീലിതങ്ങളായിരുന്നു.
അവയിൽ ആർദ്രതയുണ്ടായിരുന്നു.
ഏതോ ശബ്ദത്തിനുവേണ്ടി
ശ്രവണപുടങ്ങൾ അലഞ്ഞിരുന്നു.
സാവധാനം നടന്നകന്നു.
ഹൃദയത്തിന്റെ നേരിയ തന്ത്രികളിൽ
സ്വപ്നം ഏതോ ഗാനം മന്ദമായി മീട്ടിയിരുന്നു.
എൻറെ നാഥന്റെ മുൻപിൽ
എൻറെ സ്വപ്ന ഗാനങ്ങളെല്ലാം പാടി,
അധീര പദങ്ങൾ നൃത്തം ചെയ്തു.
രണ്ടു സ്വർഗ്ഗങ്ങൾ ഒന്നാവാൻ,
രണ്ടു സ്വപ്നങ്ങൾ അലിഞ്ഞുചേരാൻ
അങ്ങെവിടെ,
ഈ നികുഞ്ജത്തിലെ

ശോകഗാനം,
ഈ ഹൃദയത്തിലെ
നൂപുര ക്വാണം
അങ്ങു കേൾക്കുന്നില്ലേ!
വരൂ-
എന്റെ മാത്രം നാഥൻ!

## 14.മൂകസംഗീതം

ആഷാഢത്തിലെ ജലാർദ്രമായ സായം സന്ധ്യേ,
മനസ്സിനെ ശോകമൂകമാക്കുന്ന കാലകണികേ,
പറവകളെല്ലാം ചേക്കേറിക്കഴിഞ്ഞുവല്ലോ.
പൂവെല്ലാം വീണുവല്ലോ.
ദീപങ്ങളെല്ലാം അണയുന്നുവല്ലോ.
പക്ഷേ, ശോണാർദമായ ഹൃദയത്തിൽ,
യുഗാന്തര സഞ്ചിതമായ സംസ്കാരം
സംഫുല്ലതയായി, സംഗീതമായി,
രാഗമായി, ശോകമായി,
സംഹാരമായി, ശക്തിയായ്
ജനനമായി, മരണമായി
പക്ഷികളെപ്പോലെ ചിറകടിച്ചു കഴിയുന്നു.
പൂവുകളെപ്പോലെ മണം പരത്തുന്നു.
ആത്മാവിന്റെ ദീപം കൊളുത്തുന്നു.
ഈ ശബ്ദത്തിൽ,
ഈ ഗന്ധത്തിൽ,
ഈ പ്രകാശത്തിൽ,

ജീവിതം ഒരു സൗന്ദര്യമായി
അവശേഷിക്കുന്നു-
ഒരു ദേവതയേപ്പോലെ,
വിശ്വപ്രണയിനിയായി,
ഹൃദയ സംഗീതമായി

## 15.പരിണാമം

പ്രശ്നം :
ആകാശവും ഭൂമിയും
രാവും പകലും
ദിങ് മുഖങ്ങളും
പരസ്പരം ചോദിക്കുന്നു
നമ്മുടെ അന്തരാളത്തിൽ
ഇല്ലായ്മ ഒരു ബിന്ദുവായി,
പിന്നെ,
അതു വളർന്നുണ്ടായ ഋജുരേഖയും
ഋജുരേഖയുടെ വക്രഗതികളും
എപ്പോഴെങ്കിലും ഇല്ലാതാവുമോ?
മൗനം :
കക്ഷികൾ
ഋജുരേഖയിൽ,
വളരെ അകലെയാണ്
ആരും മറുപടി കേട്ടില്ല.
മൗനത്തിന്റെ അലയടി മാത്രം!
ഇല്ല:

ചോദ്യം ഹൃദയത്തിന്റെ ആകൃതിയിൽ
എന്റെ ഉള്ളിലും പിടയ്ക്കുന്നു
ഒരു തുടിപ്പായി
പക്ഷേ സമാധാനം മാത്രമില്ല
ചരമസീമവരെയും ഉത്തരം കിട്ടില്ല.
അതുകൊണ്ട്,
ഇനി യാത്രയാവാം
വൃദ്ധി:
ഇപ്പോൾ ഋജുരേഖ കനത്തു,
നീണ്ടു, ചിലപ്പോൾ വക്രഗതിയും,
ഇനി അതൊരു വന്മതിൽ,
പിന്നെ കോട്ട,
സമീപങ്ങളിൽ ആണ്ടകിടങ്ങ്,
എന്തു ചെയ്യും ?
ഇരു ഭാഗത്തും മനുഷ്യരും!
അതോ മൃഗങ്ങളോ?
പരിണാമം:
എങ്ങും ഇരുട്ടായതുകൊണ്ട്
തപ്പിനോക്കി.
കാൽ രണ്ടേയുള്ളു.
എങ്കിലും ഞാനും
ഒരു മൃഗം തന്നെയാണെന്നു വരുമോ?
ഓ! അല്ലെങ്കിൽ
ഇനി ആകാനെന്തിരിക്കുന്നു!

കാകന്റെ സമൂഹത്തിൽ
കുയിലും ഒരു കാകൻ !

## 16.ശൂന്യ നീഡം

നട തുറന്നിട്ടുണ്ട്,
വിഗ്രഹം ഇല്ല!
ആരാധന മാതം!
ആലയം നീ:ശൂന്യം!
ഘനീഭൂത മൗനം!
മൗനത്തിൽ അനന്ത ദുഃഖം,
ദുഃഖത്തിൽ
അനിർവചനീയ പ്രേമം.
ഈ നീഡം ശൂന്യമായിരുന്നോട്ടെ,
ഈ ഏകാന്തത എന്റേതു മാത്രമായിരുന്നോട്ടെ,
ഈ മുഗ്ധ നിമിഷങ്ങൾ
ആരാധാനാമൂകമായിരുന്നോട്ടെ.
ഈ പ്രേമം ദിവ്യമായിരുന്നോട്ടെ.

## 17.ആർക്കു വേണ്ടി

ചിന്ത നിശ്ചലമാകയും
മൗനം തുടരുകയും ചെയ്തപ്പോൾ,
വ്യർത്ഥതാബോധത്തിനു
പരിഹാരം ഉണ്ടാകുമെന്ന്
വ്യാമോഹിപ്പിച്ച മൗനം
പരാജയപ്പെടുത്തി
കണ്ടത്,

കേട്ടത്,

പറഞ്ഞത്,

അനുഭവിച്ചത്.

എല്ലാം

ആര്

ആർക്കുവേണ്ടി?

## 18.വിരഹം

മണം പോയപ്പോൾ ദലത്തിനു ദുഃഖം,

ദലം കൊഴിഞ്ഞപ്പോൾ പൂവിനു ദുഃഖം,

പൂവു വീണപ്പോൾ ചെടിക്കും ദുഃഖം

നേരം ഇരുട്ടിയപ്പോൾ പകലിനു ദുഃഖം

സൂര്യൻ ഉദിച്ചപ്പോൾ രാത്രിക്കും ദുഃഖം

നീ മാത്രമായപ്പോൾ നിനക്കും എനിക്കും ദുഃഖം

ഞാൻ മാത്രമായപ്പോൾ എനിക്കും നിനക്കും ദുഃഖം,

ലോകം ശോകഹതം ച സമസ്തം

## 19.നിഴൽ അന്വേഷിച്ച്

നീലസ്നിഗ്ദ്ധമായ തലമുടിയിൽ ചൂടിയ

പൂവിന്റെ മണം,

ജീവിത സംഗീതത്തിനു താളം പിടിക്കുന്ന
ഹൃദയസ്പന്ദനം,

ഋതുക്കളുടെ പരിവർത്തന വേളയിൽ

വിശോത്സവം-

വേദനകളിൽ ഒളിഞ്ഞിരിക്കുന്ന

മനുഷ്യാത്മാവ് എല്ലാം തേടുന്നു.

നിഴൽ മാത്രം കണ്ടെത്തുന്നു.
ഞാനും ഏതോ നിഴൽ തേടുന്നു.
ഞാനും ഒരു നിഴൽ!
നിഴൽ മാത്രം!

## 20.ഞാനും ലോകവും

ഉണ്ണിക്കണ്ണനെന്ന് അമ്മ,
രാജകുമാരനെന്ന് ബന്ധുക്കൾ,
ചക്രവർത്തിയെന്ന് എന്റെ നിഴൽ,
കേവലമൊരു ദാസനെന്ന് മേലുദ്യോഗസ്ഥൻ
സ്നേഹത്തിന്നടിമയെന്ന് ചെങ്ങാതിമാർ,
ശത്രുക്കൾക്കോ സ്പർദ്ധാപാത്രം!
പക്ഷേ ഞാനാര്?
എന്നെക്കാൾ നല്ല രാജാവുണ്ട്,
ചക്രവർത്തിയുണ്ട്, മിത്രമുണ്ട്, ദാസനുണ്ട്
അടിമയുണ്ട്, ശത്രുവുണ്ട്.
ഞാനോ?
ഞാൻ വെറുമൊരു അവിവേകി,
വെറുമൊരു മൂഢൻ,
കേവലം ദോഷമൂർത്തി!
ഇരുകാലിമൃഗം-
ഒരു മനുഷ്യൻ മാത്രം!
എന്റെ ലോകം മനസ്സോളം വിപുലം,
എൻറെ ആകാശം കണ്ണെത്തുവോളം,
എൻറെ ഗൃഹം ബന്ധുഗേഹം.

എങ്കിലും ചെലവാകാത്തൊരു നാണയം പോലെ,
വിലയില്ലാത്തൊരു പൂജ്യം പോലെ,

ഒരു നഷ്ട സ്വപ്നമായി

ഒരു വ്യർത്ഥ സ്മൃതിയായി-

ഞാൻ ഞാനായി

ഞാൻ മാത്രമായി

സമാപിക്കുന്നു.

## 21.തോണി

തൊനൊരേകാന്ത സഞ്ചാരി

ഒരു പാഥേയവുമില്ലാത്ത പഥികൻ

ഊർമ്മികൾ എൻറെ പ്രിയസഖിമാർ

ഓർമകൾ എൻറെ ശക്തപ്രേരണകൾ,

ഒഴുകി ഒഴുകിയോരു സമുദ്രത്തിൽ

പതിച്ചേക്കാം,

കരയടുക്കാത്ത യാത്ര എന്നെങ്കിലും

അവസാനിച്ചേക്കാം,

എന്നെത്തുഴഞ്ഞു തള്ളിക്കൊണ്ടു പോകുന്ന
ഓളങ്ങളെല്ലാം

ജനിമൃതിതരംഗങ്ങളായിട്ടെന്നെ

പുൽകുന്നൂ, തള്ളി നീക്കുന്നു,

ഈ തോണിയാത്ര എന്തിനെന്നറിയില്ല,
എവിടേക്കെന്നറിയില്ല,

എപ്പോഴവസാനിക്കുമെന്നുമറിയില്ല
താനൊരേകാന്തപഥികൻ

എന്നും യാത്ര മാത്രം

കരകാണാക്കടലിലുലഞ്ഞൊഴുകുന്നൊരു
കൊതുമ്പു തോണി മാത്രം

## 22.മൂന്നു പ്രേമകവിതകൾ

മുഖം
മുഖം തിരിഞ്ഞതാർക്കു വേണ്ടി,
മുഖം കറുത്തതാർക്കുവേണ്ടി,
മുഖം ചുവന്നതാർക്കുവേണ്ടി,
മുഖം തന്നെയാർക്കുവേണ്ടി?
അവിടെ മൗനമില്ലേ
തെല്ലു ദുഃഖമില്ലേ?
ഇല്ലെങ്കിൽ,
മുഖമെന്തിന്,
മൗനമെന്തിന്,
ദുഃഖമെന്തിന്?
- ഇങ്ങനെ എത്ര ചോദ്യങ്ങൾ!
കണ്ണാടിയിൽ:
എനിക്കോ നിനക്കോ സൗന്ദര്യം?
എനിക്കാണെങ്കിലത് നിനക്കിരിക്കട്ടെ,
നിനക്കാണെങ്കിലത് എനിക്കിരിക്കട്ടെ,
നീയൊരു പൂവാണെങ്കിലതു ഞാൻ തന്നെ ,
ഞാനൊരു പൂവായാൽ നീയുമങ്ങനെ തന്നെ,
നമ്മുടെ മണം ചേർന്നൊന്നാവട്ടെ,
ആ പുതുമണമിണങ്ങിയൊരു
പുത്തൻ ഞാനാവട്ടെ,

പുത്തൻ നീയാവട്ടെ!
അനന്തത: .
ഞാൻ നീയായി, നീ ഞാനായി
ഒരേ നിലാവ്, ഒരേ കാററ്
ഒരേ മണം, ഒരേ നിറം
ഒരേ നാദം, ഒരേ സൗന്ദര്യം.
നമ്മൾ ഒരേ ഗാനമായലിഞ്ഞ്
ഒരേ കണ്ണീരായിട്ടൊഴുകി,
ഒരേ സത്യമായി അവസാനിച്ചു.

## 23.മോഹം

ഉദ്യോഗം കിട്ടിയപ്പോൾ
പഴയ വേഷങ്ങൾ മാറ്റി,
പുതിയ പാൻറും പുത്തൻ ഷർട്ടും ധരിച്ച്
കണ്ണാടിയിൽ നോക്കി.
തൃപ്തിയായില്ല,
മുഖത്തു പല പരിഷ്കാരങ്ങളും വരുത്തി,
എല്ലാം പുതു പുത്തൻ!
ഞാൻ ഞാനല്ലാതായി!
മനസ്സുകൊണ്ടൊന്നു തിരിഞ്ഞു നോക്കി.
പഴയ നാലുകെട്ടിൽ
ചാണകം മെഴുകിയ വരാന്തയിൽ
ചാരുകസാലയിൽ ചാരിയിരിക്കുന്ന
സ്നേഹ ക്ഷീണനായ അച്ഛൻറ
വിളികേൾക്കെ ഹൃദയം ഞെട്ടി;

അമ്മ വാത്സല്യത്തിൽ നെയ്ച്ചോർ
വിളമ്പിയൂട്ടിയപ്പോൾ
പഴയ കുഞ്ഞിക്കൈകളെയോർത്തുപോയി,
കവിയും ഹൃദയം
അമ്പലമണി മുഴങ്ങെ –
യങ്ങോട്ടായും ഹൃദയം,
എങ്കിലുമൊരു താരുണ്യത്ത
പ്രണയിക്കും മമ ഹൃദയം
ഒന്നും ശരിയായില്ല, പൂർണ്ണമാകുന്നില്ല,
ഇനിയൊരു വിദഗ്ദ്ധനെക്കാണണം
ഹൃദയം കൂടിയൊന്നു മാററിവയ്ക്കണം,
അതിന്നായൊരു വിദഗ്ദ്ധനെത്തേടണം.
പക്ഷേയങ്ങോർക്കറിയുമോ
മമ ഹൃദയത്തിൻ വേദനകൾ?
ഹൃദയം മാറ്റിയാൽ സുഖദമാമെൻ
വേദനകൾ , എൻ സ്വപ്നഭംഗങ്ങൾ ,
എന്റെ ജീവിതാഭിലാഷങ്ങൾ ,
എന്റെയാർത്തിരമ്പും സങ്കടപ്രവാഹങ്ങൾ,
എന്റെ ചിരകാലസ്മൃതികൾ,
എന്നെ ഞാനാക്കിയ പ്രതീക്ഷകൾ
എന്റെ പ്രിയഗൃഹപ്രയത്നങ്ങൾ
എല്ലാം പുത്തൻ ഹൃദയത്തിലുണ്ടാവുമോ?
വേണ്ട, ഹൃദയം മാറ്റിവയ്ക്കേണ്ട.
ഇപ്പോഴുള്ളതു തന്നെ മതി

എനിക്കെന്നും ഞാനായിരിക്കാമല്ലോ.
പഴയ വീഞ്ഞ്, പുതിയ കുപ്പി
ലോകം പുഛരിക്കട്ടെ,
പരിഹാസാഗ്നിയിൽ ദഹിക്കട്ടെയെന്റെ
വിരുദ്ധ സ്വപ്നങ്ങൾ
കപടാദർശങ്ങൾ,മോഹങ്ങൾ,
എല്ലാം നീറി പുകയട്ടെ
എന്റെ പുതിയ ലോകമൊരു ചുടലയാവട്ടെ,
ഞാനവിടെയോരു തീനാളമായി
നടരാജനൃത്തം ചെയ്യട്ടെ,
അതിന്റെ തുടിതാളത്തിൽ
ഞാൻ ഞാൻ തന്നെയാവട്ടെ!

## 24.ഞാൻ എന്ന ഞാൻ

ഒരു പുവായിരുന്നെങ്കിൽ
ഒരു മണമായിരുന്നെങ്കിൽ!
പക്ഷേ പൂവല്ല, മണമല്ല, ഒരു മുള്ള്
ഒരു താരകമായുയർന്നെങ്കിൽ
ഒരു മിന്നലായിപ്പൊലിഞ്ഞെങ്കിൽ
താരകമല്ല, മിന്നലുമല്ല, ഒരു തമോരൂപം!
ഒരു പുഴയായെങ്കിൽ
ഒഴുകും തോണിയായെങ്കിൽ!
പുഴയല്ല, തോണിയല്ല ഒരു നിശ്ചല സത്വം!
പക്ഷിപോൽ പറന്നെങ്കിൽ
കാററുപോൽ പാറിയെങ്കിൽ!

പറക്കില്ല, പാറില്ല, ഒരു മണൽ തരി
ഒരു നാദമായെങ്കിൽ
ഒരു ഗാനമായെങ്കിൽ
ഇല്ല, ഒരു നിത്യമൗനം മാത്രം!
ഇല്ല, ഞാനൊരു മോഹം മാത്രം,
ഒരു ദാഹം, ഒരു സ്വപ്നം, ഒരു പൂജ്യം,
തീരാദുഃഖത്തിൻ ഹിമബിന്ദു.

## 25.ഇതിവൃത്തം

അങ്കണച്ചതുരത്തിൽ
ചതുര ഗൃഹത്തിൽ
മുറിയുടെ ചതുരത്തിൽ
ചതുരമായ കസാലയിലിരുന്ന്
ചതുരമായ മേശപ്പുറത്ത്
ചതുര ഗ്രന്ഥം നിവർത്തു
വായിച്ചു വായിച്ച്
ഞാൻ ചതുരനായിത്തീരും.
ദേഹത്തിലെ വളവുകളിൽ നിന്നും
മനസിലെ വളവുകളിലൂടെ
ലോകത്തിന്റെ വളവുകളായി
പിന്നെ ഒരു വൃത്തമായി അവസാനിക്കും.
പിന്നെ ജലമായിട്ടൊഴുകി,
മണ്ണിലും മണ്ണായിക്കിടന്ന്
പൊടി പോലെ കാറ്റിൽ പറന്ന്
അനന്ത ശൂന്യതയിലലഞ്ഞ്

ഇല്ലാതെയാവും
ചതുരമോ, വൃത്തമോ
ചതുരമായൊരു  വൃത്തമോ?
രണ്ടും  ഒന്നു  തന്നെയായാലും
ചതുരമായി
വൃത്തമായി.
പൂജ്യമായി
തീരും.

## 26.തവ തരണി മമ തരണി

തരണി
തരംഗ  തരണി
സാഗരതരംഗതരണി
ജല  സാഗര  തരംഗ  തരണി
ജീവിത  ജല  സാഗര  തരംഗ  തരണി
ജീവിതം
ജലജീവിതം
സാഗര  ജല  ജീവിതം
തരംഗിണീ  സാഗര  ജലജീവിതം
ജലം
സാഗരജലം
ജീവിത  സാഗരജലം
തരംഗിണീ  ജീവിത  സാഗരജലം
സാഗരം
ജീവിത  സാഗരം

ജലജീവിത സാഗരം
തരംഗിണീ ജലജീവിത സാഗരം
തരംഗിണി
ജല തരംഗിണി
ജീവിത ജല തരംഗിണി
ജീവിത സാഗര ജല തരംഗിണി
ജല സാഗര ജീവിത തരണി
ജലതരണി, സാഗരതരണി
ജീവിതതരണി,തരണി
തരംഗിണീ തരണി
ജീവിത തരംഗിണീതരണി
ജീവിത സാഗര തരംഗതരണി
തവതരണി മമ ജീവിതതരണി

## 27.ഒരു നിഴൽ മാത്രം

എന്തേ മൗനം,
എന്തേ ശോകം
ഒരു നിഴലായി നടിച്ചു.
ഒരു നിഴലായി പിൻതുടർന്നു.
പാടിയതെല്ലാം ഏറ്റുപാടി
പാടാനായി ഏററുപാടി
എല്ലാം ഒന്നായിക്കണ്ടു
നമ്മൾ ഒന്നാണെന്നറിഞ്ഞു
എങ്കിലും എന്തേ മൗനം
എന്തേ ശോകം?

താരാഗണങ്ങൾ
താഴേക്കിറങ്ങി വരുമെന്നാശിച്ചു,
ഋതുക്കൾ അണിനിരക്കുമെന്ന് മോഹിച്ചു;
നിർഝര ഗീതങ്ങൾ
നിമിഷദലങ്ങൾ
എല്ലാം നമ്മളാണെന്നു കരുതി
എല്ലാം വ്യർത്ഥം
ജീവിതത്തിന്റെ
ആരോഹാവരോഹങ്ങളിൽ,
കാലത്തിന്റെ ദിവാ നിശാ (ഭമണങ്ങളിൽ,
എല്ലാം ഒരു സ്വപ്നം , ഒരു നിഴൽ
വസന്തമേ വിട!
സ്നേഹമേ വിട!
ഒരു നിഴൽ
ഒരു നിഴൽ മാത്രം !

## 28.ഞാൻ

ഒരു സ്മൃതിയുടെ സുഖം ,
ഒരു മധുരധ്വനിയുടെ സുഖം.
ഇന്നെല്ലാം സ്വപ്നം
ഇന്നെല്ലാം മോഹം,
ഒരു ദാഹം
ഒരു ഭീതി.
എങ്കിലൊരു നാദരേണുവായൊരു

ബാഷ്പ ബിന്ദുവായൊരു
പ്രകാശനാളമായിട്ടവസാനിക്കാം.

ജനനം

മരണം

ജനി മൃതിചക്രം തീരാദുഃഖം

ജീവിതമൊരു മായാലോകം

രാഗമൊരു ശോകം

മോഹമൊരു താപം.

എവിടെയും ജീവിത പടഹങ്ങൾ

എവിടെയും തീനാളങ്ങൾ

ഞാൻ ഞാനല്ലായിരുന്നെങ്കിൽ

ഞാൻ ഞാനായിരുന്നെങ്കിൽ!

## 29.ശരിയുടെ തെറ്റ്, തെററിന്റെ ശരി

ദുഃഖങ്ങൾ ആരോടു പറയും.

ആരോടും പറയാം.

ആരറിഞ്ഞാലും ഒന്നുമില്ല,

കേൾക്കുന്നവർക്കു മുഷിയും-

എങ്കിൽ, എന്നോടു തന്നെ പറയാം

എല്ലാം ഒന്നെണ്ണിപ്പറയാം-

ഒന്ന്- ഞാനൊരു ഭഃഖം

രണ്ട്- എന്നെപ്പററിയുള്ളതെല്ലാം ദുഃഖം

മൂന്ന്- എനിക്കുള്ളതെല്ലാം ദുഃഖം

നാല്- ഇന്നലത്തെ ദുഃഖം

അഞ്ച്- ഇന്നിന്റെ ദുഃഖം

ആറ്- നാളെയുടെ ദുഃഖം
ഏഴ്- നാളത്തെ ദുഃഖം എന്താണെന്ന്
നിരൂപിക്കാനാകാത്ത ദുഃഖം
എട്ട്- എന്റെ ദു:ഖം അന്യ ദു:ഖമാകുന്നത്
ഒൻപത്- അന്യ ദുഃഖം എന്റേതാകുന്നത്
പത്ത്- ദുഃഖം അസംഖ്യമാകുന്നത്
ഇങ്ങനെ എല്ലാം എണ്ണിപ്പറഞ്ഞട്ടെന്തുഫലം?
എണ്ണിയെണ്ണി ജീവിക്കാം, മരിക്കാം-
എല്ലാവരും ചെയ്യുന്നതുപോലെ.
എണ്ണം തെറ്റിയാലും മരണം തെറ്റുകില്ല,
ഇനി സുഖം എണ്ണുക
അതിന്റെ എണ്ണത്തിലും
ഒരർത്ഥവുമില്ല, അതു
ബോധ്യമാകുമ്പോൾ എണ്ണം നിർത്താം.
അതുവരെ എണ്ണുക.
സുഖം, ദുഃഖം, സുഖം, ദുഃഖം;
അല്ലെങ്കിൽ ഇങ്ങനെയെണ്ണാം
സു ദുഃഖം
ദുഃസുഖം!

## 30.ദർശനം

എന്റെ കണ്ണുകളിൽനക്ഷത്രപ്രഭയില്ല.
നാവിൽ തേനോലും വാക്കില്ല.
മനസ്സിൽ നാഗരാജപ്രതിഷ്ഠയില്ല.
കയ്യിൽ കുബേരകുംഭമില്ല.

കുചേല കുചിപിടകവുമില്ല.
യാതൊന്നുമില്ല
അണഞ്ഞടങ്ങിയ തീജ്ജ്വാലകൾ
നിർഗതമാകാത്ത ഗാനവീചികൾ,
സമാധാനമില്ലാത്ത ചോദ്യാവലികൾ,
നിറവേറാത്ത സ്വപ്നങ്ങൾ.
ജീവിതത്തേയും മരണത്തേയും
വേർപെടുത്തുന്ന അതിർവരമ്പ്
മാഞ്ഞു പോയിരിക്കാം .
മരിച്ചു പോയെങ്കിൽ മറക്കുക
ജീവിക്കുന്നെങ്കിൽ മരിച്ചുവെന്നു കരുതുക.
മരണത്തിൽ അവസാനിക്കാത്ത
ജീവിതം - അതെത്ര അകലെ,
കണ്ണെത്താത്ത അകലത്തിൽ!
ഇനിയെത്ര കാതം!
ഇനിയെന്തു ദൂരം!
വേഗം വിടതരിക!

## 31.മരണമേ നിനക്ക് സ്വാഗതം

വരൂ, മരണമേ വരൂ.
നിനക്കു സ്വാഗതം!
കാത്തിരുന്നു കണ്ണു കുഴഞ്ഞു
മനസ്സു മടുത്തു,
നീ വേഗം വരിക,
എന്തിനെന്റെ അനുവാദം പ്രതീക്ഷിച്ച്

വാതില്ക്കൽ കാത്തു നില്ക്കുന്നു!
ഇനിയും സമയമായില്ലേ?
എനിക്കു തിടുക്കമുണ്ടല്ലോ.
മനസ്സിന്റെ നൊമ്പരങ്ങൾ,
ഇന്ദ്രിയങ്ങളുടെ വൈവശ്യം.
ഒന്നും നീ അറിയുന്നില്ലേ?
പടർന്നു കയറുന്ന ഇരുണ്മ,
വെളിച്ചത്തിന്റെ വിദൂരത,
അസത്യങ്ങളുടെ ക്രൂരത
എന്റെ നിതാന്ത ശൂന്യത-
ഒന്നും നീ അറിയുന്നില്ലേ?
വരൂ, മരണമേ നിനക്കു സ്വാഗതം!
നിനക്കായി ഇനി സ്തുതിഗീതമില്ല,
നിനക്കു നല്കാൻ നൈവേദ്യമില്ല,
നിനക്കുവേണ്ടി ഇനി നിമിഷങ്ങളില്ല,
വരൂ, വേഗമാവട്ടെ,
കൂട്ടിക്കൊണ്ടു പോവുക,
നിനക്കു സ്വാഗതം!
നിനക്കെന്റെ നന്ദി.

## 32.അന്വേഷണം

അവസാനത്തെ അന്വേഷണം
കാററിനോട്,
കടലിനോട്,
നിർഝരങ്ങളോട്

രശ്മികളോട്,
ശബ്ദ വീചികളോട്,
എല്ലാം അന്വേഷിച്ചു,
പിന്നെയും പിന്നെയുമാരാഞ്ഞു,
പക്ഷേ,
ഒരേ മറുപടി
ഇല്ല,
കണ്ടില്ല,
കേട്ടില്ല,
അറിഞ്ഞിട്ടില്ല.
വീണ്ടും അനന്തമായ അന്വേഷണം-
അപാരതയോട്,
അദൃശ്യതയോട്,
ഒരേ ചോദ്യം
കണ്ടുവോ.
എന്റെ പ്രാണനെ
എന്റെ ആത്മാവിനെ
കേട്ടുവോ-
ആ നാദം,
എന്റെ ഹൃദയസംഗീതം !

## 33.അഭ്യർത്ഥന

അങ്ങ്
ആരെന്ന്, എവിടെയെന്ന്
അറിയില്ല.

അങ്ങയുടെ
സ്വരൂപം, സ്വഭാവം-
ഒന്നും അറിയില്ല.
പക്ഷേ, അറിയുന്നു-
അങ്ങ് ഉണ്ടെന്ന്,
അങ്ങ് അനുപമനാണെന്ന്,
എന്നെ പ്രേമിക്കുന്നുവെന്ന്,
അങ്ങയെ പ്രേമിക്കണമെന്ന്,
ഞാൻ അറിയുന്നു.
ആരുടെയും അനുജ്ഞയല്ല
നിരുപാധികമായ തീരുമാനം
നിത്യാഭിലാഷം
എനിക്ക് അങ്ങയോടും
അങ്ങയ്ക്ക് എന്നോടുമുള്ള
പ്രേമപൂർണിമയുടെ പേരിൽ,
അവിടത്തെ സമാദൃതചരണങ്ങളിൽ
ഞാൻ സ്വയം സമർപ്പിക്കുന്നു-
എന്റെ നിത്യപ്രാർത്ഥന,
എന്റെ പ്രണയാഭ്യർത്ഥന,
അദ്യത്തേയും അവസാനത്തേയും യാചന
അങ്ങയുടെ സ്നിഗ്ദ്ധ ദർശനത്തിൽ
യുഗസംവ്യാപിയായ കാരുണ്യത്തിൽ,
വിമൂകസംഗീതധാരയിൽ,
ഉദാര സ്വാതന്ത്ര്യത്തിൽ

എന്നെ അലിയിച്ചില്ലാതാക്കിയാലും!
ഞാൻ അങ്ങാവട്ടെ,
അങ്ങ് ഞാനാവട്ടെ!

## 34. നിവേദനം

മഴമുകിലിനിടയിൽ പിടഞ്ഞു പോകുന്ന
മിന്നൽപ്പിണർപോലെ,
ചക്രവാളസീമകളിൽ മാറ്റൊലികൊള്ളുന്ന
ഇടിനാദങ്ങൾ പോലെ,
അപാരതയുടെ ശുദ്ധശൂന്യവിഹായസ്സിൽ,
വിസ്മൃതിയുടെ മൌനോദാരഗാനത്തിൽ,
നിരുപയോഗമായ എന്റെ
ഈ ജീവിതകഥ കൂടി
എന്നേക്കുമായി ലയിപ്പിച്ച് അവസാനിപ്പിച്ചാലും !
മോഹങ്ങളെ,
സ്വപ്നങ്ങളെ,
ജനിമൃതികളെ,
എല്ലാമൊടുക്കി
വിമോചനത്താൽ അനുഗ്രഹിച്ചാലും!
സ്വാതന്ത്ര്യത്താൽ പരതന്ത്രമാക്കിയാലും!

## 35.പ്രിയതമൻറെ അരികിൽ

നീല നീരാളം മേൽക്കട്ടി ചാർത്തി,
പച്ചപ്പരവതാനി താഴെ വിരിച്ച്,
ചന്ദ്രികാചർച്ചിത രാത്രി താരാകമാല്യം ചൂടി,
സംഗീതസാന്ദ്രമായ മാലേയമാരുതൻ വീശി,

ഫുല്ലകുസുമ സുഗന്ധം എങ്ങും പുരണ്ടു,
പ്രേമപൂരിത നയനങ്ങൾ തമ്മിലിടഞ്ഞു,
രാഗധാരകൾ ഒഴുകിച്ചേർന്നു,
ഹൃദയങ്ങൾ കൈമാറി.
നിമിഷങ്ങൾ,
നിനവുകൾ,
ദിനരാത്രങ്ങൾ,
യുഗങ്ങൾ,
ജീവിത പ്രവാഹങ്ങൾ.
എല്ലാം ഒരു നിമിഷത്തെ സ്വപ്നം പോലെ!
എന്റെ പ്രിയതമനെവിടെ?
ഹൃദയസ്പന്ദനം നിലച്ചു പോയി.
അർദ്ധനിമീലിത നയനങ്ങളിലൂടെ
ശോകം ബാഷ്പമായൊഴുകി.
സമസ്തജീവശക്തിയും പരിക്ഷീണമായി
ഇല്ല,
നാഥ!
ഞാൻ വരികയാണ്
അങ്ങയുടെ അരികിലേക്ക് -
ഒന്നു കാണാൻ,
സ്നേഹം പകരാൻ.

## 36.പ്രതീക്ഷ

വന്ന നാളുകളിൽ
വരും നിമിഷങ്ങളിൽ

ഞാനെത്ര പ്രതീക്ഷിച്ചിരുന്നു!
എന്നും കാത്തിരിപ്പാണ്
പരിക്ഷീണ പ്രഭാതങ്ങളിൽ,
ഉദ്വിഗ്ന സായംസന്ധ്യകളിൽ,
പകലിൻ വിസ്താരങ്ങളിൽ
രാത്രിതന്നേകാന്ത ഗഹ്വരങ്ങളിൽ
കാത്തിരിക്കുന്നു ഞാൻ
ഏകാന്തമായി കാത്തിരിക്കുന്നു.
ആരെ?
എന്തിനെ?
ഒരു അജ്ഞാത നൊമ്പരം
അനിർവചനീയ മോഹം,
എന്നും പ്രതീക്ഷ മാത്രം,
എന്റെ സംഗീതം അജ്ഞാതമായി
നിലച്ചു പോയേക്കാം
എന്റെ മലർമാല്യത്തിലെ പൂക്കൾ
വാടി വീണേക്കാം
എന്റെ മനസ്സിന്റെ ശൂന്യത
നിത്യ മൂകമായിരുന്നേക്കാം
എങ്കിലുമൊരു സമാധാനം
എന്റെ പ്രതീക്ഷ നിരന്ധ്ര പ്രേമപൂർണം

## 31.എന്റെ ഓണം

ദിനരാത്രങ്ങൾ ഒരുപോലെ
നീങ്ങുന്ന

എന്റെ ഗുഹകവാടത്തിൽ
അങ്ങ് ഒരുനാൾ എഴുന്നള്ളും
തേരൊന്നു നിർത്തി
ഒന്നെത്തി നോക്കിയാലും!
ജീവിതത്തിന്റെ
അവിരാമമായ പട പുറപ്പാടുകൾക്കിടയിൽ
താളം കെട്ടിയ ഒരു വിമൂകത
ഒരു വല്മീക നിശ്ശബ്ദത,
തപ്ത നിശ്വാസങ്ങളുടെ
ഒരു പ്രണവനാദം,
അവിജ്ഞാതമായ ഒരു
ദിവ്യാനുരാഗത്തിന്റെ മന്ദ്രധ്വനി
അതു മാത്രം അനുഭവിച്ച്
അങ്ങു മടങ്ങുമോ?
ഉള്ളിന്റെ ഉള്ളിലേക്ക് ഒന്നു കണ്ണയയ്ക്കൂ
കാതോർക്കൂ
അങ്ങയ്ക്കു കേൾക്കാൻ കഴിയുമോ
ആത്മാവിന്റെ പ്രക്ഷുബ്ധ ശബ്ദം?
അങ്ങയ്ക്കു കാണാൻ കഴിയുമോ
ഹൃദയസ്പന്ദത്തിന്റെ മന്ദചലനം?
ആർത്തിരമ്പുന്ന കടലിലെ
ഒരു കുഞ്ഞോളം.
അതിനും ആനന്ദമാണ്,
ഓണമാണ്,

നിർവൃതിയാണ്.

## 38.വിളക്കു കൊളുത്തുക

അങ്ങയ്ക്കു വേണ്ടി
ഞാൻ ഇതുവരെയും ഒരുങ്ങിയില്ല.
വിളക്കു കൊളുത്തി വച്ചില്ല.
പുറത്തെ പ്രകാശരേണുക്കളൊന്നും
എന്റെ ഗുഹഭിത്തിക്കകത്തു കടക്കുന്നില്ല.
എമ്പാടും തമസ്സാണ്.
മനസ്സ് ആർദ്രവും.
എനിക്ക് ഒരു കൈത്തിരി
കൊളുത്തിവച്ച്
അങ്ങയെ സ്വീകരിക്കാൻ കഴിയുമോ?
ഒരു പക്ഷേ, അങ്ങുതന്നെ
എനിക്കുള്ള വിളക്കു കൊളുത്തുമായിരിക്കും
ശരീരം വിറങ്ങലിക്കുന്ന
മരണശയ്യയ്ക്കരികിൽ,
അവസാനമായി ഒരു വിളക്ക്-
അങ്ങ് തിരി നീട്ടിവയ്ക്കുമായിരിക്കും.
ദേവ!
ഞാൻ ഒരുങ്ങാം
പ്രതീക്ഷിക്കാം -
എന്റെ മനസ്സ്,
എന്റെ ബുദ്ധി,
എൻറെ ഇന്ദ്രിയങ്ങൾ

എന്റെ ആത്മാവ്
എല്ലാം സമർപ്പിച്ച് കാത്തിരിക്കാം.

## 39.ജടായു

ഉറങ്ങിയ യുഗത്തിൻറയും
ഉണർന്ന യുഗത്തിന്റെയും
മധ്യേ, ഒരു സാന്ധ്യ മുഹൂർത്തം പോലെ
ജനന മരണ സംഭ്രമങ്ങൾക്കിടയിൽ
ഒരു ജീവൻ മിന്നി മറയുന്നു.
ഈ ഘനീഭൂത സന്ധ്യയിൽ
ഈ ജീവന്മരണ വേദനയിൽ
എല്ലാ നാടകങ്ങളുടേയും സംവിധായകന്
ഒരേ ഒരപേക്ഷ
ഭഗവാൻ !
എന്തിനീ ജീവകണിക
അങ്ങയ്ക്കായി തുടിക്കുന്നു!
എന്തിനീ ഗദ്ഗദകണ്ഠം
അങ്ങയ്ക്കായി പാടുന്നു!
എന്തിനീ കാതര ഹൃദയം
അങ്ങയ്ക്കായി സ്പന്ദിക്കുന്നു!
അങ്ങും ഒരു പക്ഷേ,
നിദ്രയിലായിരിക്കാം.
പിറന്ന യുഗത്തിന്റെ വിങ്ങലിൽ,
മരിച്ച ഹൃദയത്തിന്റെ ജാഡ്യത്തിൽ,
മുഴുകി മുഴുകി ഞാനിരിക്കേ

ഭഗവൻ!
ഞാനറിയുന്നു-
അങ്ങ് -
സത്യം, ശിവം, സുന്ദരം!
അങ്ങയുടെ വിഹായസ്സ്
അതി വിശാലം.
പക്ഷേ, ഞാൻ മാത്രം,
ചിറകില്ലാത്ത ജടായു.
പറക്കാനാകാത്ത ക്ഷുദ്ര വിഹംഗം.
ഞാനെങ്ങനെ പറക്കും!
പറന്നു പറന്നു പറന്ന്,
അവസാനം അങ്ങയുടെ
പാദങ്ങളിൽ വന്നടിയുവതെങ്ങനെ?
ഈ അതിക്ഷുദ്രാത്മാവിൻറ
വിലയമെപ്പോൾ ?

## 40.അവസാനം

അനേകം മഹാവൃക്ഷങ്ങൾ
ഒഴുക്കത്ത് കടപുഴകി
വീണൊഴുകിപ്പോകുന്നതു കണ്ടു.
അനവധി ദേവമന്ദിരങ്ങളിൽ
വിഗ്രഹങ്ങൾ ഭഞ്ജിക്കപ്പെടുന്നതു കണ്ടു.
അവിടെ നിന്നൊഴുകിയ ശോണ ധാരകൾ
മനുഷ്യ ബന്ധങ്ങളെ ശിഥിലമാക്കുന്നതു കണ്ടു,
പുതിയ ജീവിതങ്ങളെ രാഗിലമാക്കുന്നതും കണ്ടു.

സത്യം കള്ളമാകുന്നത്,
കള്ളം സത്യമാകുന്നത്,
കുടിൽ കൊട്ടാരമാകുന്നത്,
കൊട്ടാരം കുടിലാകുന്നത്,
കുചേലൻ കുബേരനാകുന്നത്,
കുബേരൻ കുചേലനാകുന്നത്,
ചിറകില്ലാത്തവൻ പറക്കുന്നത്,
പറന്നുകൊണ്ടു കൊല്ലുന്നത്,
കൊന്നു വെല്ലുന്നത്,
വെന്നു ചാകുന്നത്,
ചാകാതെ ചാകുന്നത്-
എന്തെല്ലാം കണ്ടു!
എന്തെല്ലാം കേട്ടു!
അവസാനിക്കാത്ത അത്ഭുതങ്ങൾ!
പ്രഭോ!
ഈ അത്ഭുതങ്ങളുടെ മധ്യത്തിൽ
എനിക്കും ഒരു ജീവിതം തന്നുവല്ലോ!
കനിഞ്ഞരുളിയ അനുഭവജാലം!
ഇനി മരണവും തരും.
എല്ലാപേരോടും, എല്ലാററിനോടും
വിട പറയുന്ന,
അന്ത്യ പ്രണാമത്തിന്റേതായ
ആ ചരമ മുഹൂർത്തത്തിൽ,
അങ്ങ്, ഒരു പക്ഷേ ചോദിച്ചേക്കാം

ജീവിതം കൊണ്ടെന്തു നേടി?
ഒന്നും നേടിയില്ല,
ആശിച്ചില്ല,
നഷ്ടപ്പെട്ടില്ല,
നേടാൻ ഒന്നുമില്ല,
നഷ്ടപ്പെടാനും ഒന്നുമില്ല.
വെറുതേ വന്നു,
വെറുതേ ജീവിച്ചു,
വെറുതേ പോയി,
അതും അങ്ങയുടെ ഇഷ്ടം
അവിടുത്തെ മായികമായ
പ്രഭാകന്ദളങ്ങൾ
പഞ്ചേന്ദ്രിയങ്ങളെ പ്രഫുല്ലമാക്കിയിടത്തോളം
ജീവിച്ചു എന്നതുമാത്രം മിച്ചം
ഇനി ഇങ്ങനെ കുറിക്കാം-
"ഇദ്ദേഹം ഒന്നും ആഗ്രഹിച്ചില്ല
ഒന്നും നേടിയില്ല,ഒന്നും നഷ്ടപ്പെട്ടില്ല.
ജീവിച്ചത് അറിഞ്ഞതുപോലുമില്ല.
ഇപ്പോൾ മരിച്ചു.
മരണവും
ഇദ്ദേഹം
അറിയാതെ പോയി.
എല്ലാം അങ്ങയുടെ ഇഷ്ടം."